# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ
## *Laity Reflect on*
## Syro-Malabar Sunday Mass SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2021 ഒക്ടോബർ 17


**ഏലിയ സ്ലീവാ മൂശാക്കാലം 7-ാം ഞായർ**



# ആൾക്കൂട്ടത്തിലെ മക്കൾ

നിയമാവർത്തനം 11: 26-32, ഏശയ്യാ 41:1-7, ഗലാത്തിയ 5:16-26, ലൂക്കാ 8: 41-56

### ആൾക്കൂട്ടത്തിന്റെ വ്യാകരണം

മിശിഹായുടെ ഏറ്റവും പുരാതനമായ ചിത്രങ്ങളിലൊന്നിന്റെ പകർപ്പ് കത്തോലിക്കാ സഭയുടെ വേദോപദേശ ഗ്രന്ഥത്തിൽ കൂദാശകളെക്കുറിച്ചുള്ള ഭാഗത്തിന്റെ ആമുഖമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. റോമിലെ ഭൂഗർഭ മൃതകുടീരങ്ങളിലൊന്നിന്റെ ചുമരിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന 'ഈശോയും രക്തസ്രാവക്കാരിയും' എന്ന ആ ചിത്രത്തിൽ, പക്ഷേ, സുവിശേഷഭാഗത്ത് പരാമർശിച്ചിരിക്കുന്ന ജനക്കൂട്ടമോ, ശിഷ്യൻമാർ പോലുമോ ഇല്ല. അങ്ങേയറ്റം വൈയക്തികമായ - കർത്താവും വിശ്വാസിയും തമ്മിലുള്ള - ഒരു കണ്ടുമുട്ടലാണ് ആ ചിത്രത്തിന്റെ അരൂപി. ഇന്നത്തെ സുവിശേഷഭാഗത്തിന്റെ ആദ്യവാചകത്തിൽ ('യേശു തിരിച്ചുവന്നപ്പോൾ ജനക്കൂട്ടം അവനെ സ്വാഗതം ചെയ്തു.' ലൂക്കാ 8 : 40) നിന്നും അവസാന വാചകത്തിലേക്ക് ('ഈ സംഭവം ആരോടും പറയരുത് എന്ന് അവൻ കൽപിച്ചു.' ലൂക്കാ 8:56 ) സഞ്ചരിക്കുമ്പോൾ ആൾക്കൂട്ടത്തിന്റെ കലപില ശബ്ദങ്ങളിൽ നിന്നും, ദൈവകൃപയുടെ രഹസ്യങ്ങളെ ഹൃദയത്തിൽ സംഗ്രഹിക്കുന്ന സാന്ദ്രമൗനത്തിലേക്കുള്ള വളർച്ചയുടെ വഴിയാണത് എന്നു നമുക്ക് തിരിച്ചറിയാൻ കഴിയും.

ആൾക്കൂട്ടത്തിന്റെ ഉൺമ അതിന്റെ ഘടകങ്ങളായ മനുഷ്യവ്യക്തികളിൽ നിന്നും തികച്ചും വിഭിന്നമാണ്. നല്ല ഇടയന്റെ അഭാവത്തിൽ, ഉള്ളിന്റെയുള്ളിൽ ഉറങ്ങിക്കിടക്കുന്ന വാസനാവികൃതികളെ പുറത്തെടുക്കാൻ സൗകര്യപ്രദമായ ഒരിടമാണ് ആൾക്കൂട്ടം. തിങ്ങിക്കൂടുന്ന ഓരോരുത്തനും, ചെയ്യുന്ന കൃത്യങ്ങളുടെ ഉത്തരവാദിത്വം ജനസഞ്ചയത്തിനു കൈമാറുന്നു. അവിടെ ഞാനില്ല, ഞങ്ങൾ പോലുമില്ല. പേരും മുഖവുമില്ലാത്ത സംഘം മാത്രം. അത് ഭ്രമാത്മകമായ ദൃശ്യ വിസ്മയങ്ങളിൽ മയങ്ങുന്നു; വിഗ്രഹങ്ങൾക്കായി ആർപ്പുവിളിക്കുന്നു; ത്രസിപ്പിക്കുന്ന നേതാക്കളെ തേടുന്നു; സ്വന്തം നിയമങ്ങൾ ചമച്ച് വിചാരണകളും, വിധികളും, വധങ്ങളും നടത്തുന്നു.

അപ്പൊസ്തോല പ്രവർത്തനങ്ങളുടെ 19ാം അദ്ധ്യായത്തിൽ കേവലം സ്വാർത്ഥമായ വാണിജ്യ താൽപര്യങ്ങൾക്കുവേണ്ടി ജനക്കൂട്ടത്തിന്റെ ശക്തിയെ കരുവാക്കുന്നത് വിവരിക്കപ്പെട്ടിട്ടുണ്ട്. പൗലോസ് ശ്ളീഹാ എഫേസൂസിൽ നടത്തിയ സുവിശേഷ പ്രവർത്തനങ്ങളുടെ ഫലമായി അനേകർ ക്രിസ്തുമാർഗത്തിലേക്കു തിരിഞ്ഞത്, ആർട്ടെമിസ് ദേവീക്ഷേത്രത്തിൽ ഭക്ത വസ്തുക്കൾ വിൽക്കുന്ന വെള്ളിപ്പണിക്കാരുടെ തലവൻ ദെമെത്രിയൂസ് കച്ചവടത്തിന് ഭീഷണിയായി കാണുന്നു. അത് ഒഴിവാക്കുന്നതിനായി അവർ ജനങ്ങളെ വർഗീയ കലാപത്തിലേക്ക് നയിക്കുന്നു. അക്രമാസക്തരായ



ആൽഫസ് പത്രോസ്

ജനക്കൂട്ടം ആരവം മുഴക്കുന്നു : 'എഫേസൂസുകാരുടെ ആർട്ടെമിസ് ദേവി മഹോന്നതയാണ്.'

ജനത്തെ നയിക്കുന്നവർ പലപ്പോഴും ശരി തെറ്റുകൾക്ക് അപ്പുറം, ആൾക്കൂട്ട മനസ്ഥിതിക്ക് അനുസൃതമായി ചലിക്കുന്നതും വേദപുസ്തകത്തിൽ കാണാൻ കഴിയും. മോശ, സീനായ് മലയിൽ ദൈവത്തോടൊപ്പമായിരുന്നപ്പോൾ, താഴെ സമതലത്തിൽ, തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ, വെറും ആൾക്കൂട്ടമായി മാറി വിഗ്രഹങ്ങൾക്കായി മുറവിളി കൂട്ടുന്നു. കർത്താവ് തന്റെ പുരോഹിതനായി അഭിഷേകം ചെയ്ത അഹറോൻ, അവർക്ക് വഴങ്ങി സ്വർണ്ണ കാളക്കുട്ടിയെ വാർത്തെടുത്ത്, അതിനു മുൻപിൽ ബലിയർപ്പിക്കുന്ന ദുരന്തമാണ് പിന്നീട് നടക്കുന്നത്. സമൂഹത്തിൽ പുരോഹിതൻ എന്ന ഉന്നത സ്ഥാനം നിലനിർത്തുക എന്ന കാര്യത്തിലാണ് അഹറോന്റെ വ്യഗ്രത; അത് കർത്താവിന്റെയാണോ, കാളക്കുട്ടിയുടേതാണോ എന്നത് വലിയ കാര്യമായി അയാൾ കരുതുന്നില്ല. അഭിഷേകം പോലും, ആൾക്കൂട്ട ആവേശത്തെ മറികടക്കാൻ പര്യാപ്തമല്ല എന്നത് എക്കാലവും പ്രസക്തമായ ഒരു മുന്നറിയിപ്പാണ്.

## ആൾക്കൂട്ടത്തിലെ മിശിഹാ

സുവിശേഷങ്ങളിൽ ജനക്കൂട്ടം എന്ന വാക്ക് നിരന്തരം കടന്നു വരുന്നുണ്ട്. പന്ത്രണ്ടാം വയസിൽ ഈശോയോടൊപ്പം ജറുസലേമിലേക്ക് പോയ മറിയത്തിനും ജോസഫിനും, അവനെ അവിടെ വച്ച് കൈവിട്ടു പോകുന്ന സന്ദർഭം, ദൈവത്തോട് ഏറ്റവും ചേർന്നു നിൽക്കുന്നവർക്കു പോലും, തീർത്ഥയാത്രക്കിടയിലും, അവനെ ആൾക്കൂട്ടത്തിൽ നഷ്ടപ്പെട്ടു പോയേക്കാം എന്ന അത്ര ശുഭകരമല്ലാത്ത ഒരു സൂചനയാണ്, സുവിശേഷത്തിന്റെ ആദ്യ അദ്ധ്യായങ്ങളിൽ നൽകുന്നത്. തുടർന്ന്, ജോർദാനിലെ സ്നാനം മുതൽ, കാൽവരിയിലെ മരണം വരെയുള്ള യാത്രയിൽ, ജനക്കൂട്ടങ്ങളും മിശിഹായും നിരന്തരം കണ്ടുമുട്ടിക്കൊണ്ടേ ഇരിക്കുന്നു.

ദൈവകരുണയുടെ ഉറവയായ മിശിഹാക്ക് ആൾക്കൂട്ടത്തോടുള്ള അടിസ്ഥാന വികാരം അനുകമ്പയാണ്. ഇടയനില്ലാത്ത ആടുകളെപ്പോലെ ചിതറിക്കിടക്കുന്ന ജനത്തെ ഒരുമിച്ച് കൂട്ടി, അവരോട് അവൻ ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുന്നു. വിശപ്പിനും, രോഗത്തിനും, മരണത്തിനും മേൽ തനിക്കുള്ള അധികാരം, ജനത്തിനു മുൻപിൽ അവൻ സാന്ത്വനം പകരുന്ന അത്ഭുതങ്ങളിലൂടെ വെളിപ്പെടുത്തുന്നു.

എന്നാൽ അവൻ എന്നും ആൾക്കൂട്ടത്തിന്റെ അപചയ സാധ്യതകളെക്കുറിച്ചും, പ്രലോഭനങ്ങളെക്കുറിച്ചും സദാ ജാഗരൂകനായിരുന്നു. ദേവാലയ ഗോപുരത്തിൽ നിന്നും അപകടമൊന്നും പറ്റാതെ താഴേക്ക് ചാടുന്ന അത്ഭുത പ്രവർത്തകനായി പരസ്യജീവിതം ആരംഭിക്കാനുള്ള പ്രലോഭനത്തെ തിരസ്കരിച്ചു കൊണ്ട് ശുശ്രൂഷ ആരംഭിക്കുന്ന മിശിഹാ, താൻ വർദ്ധിപ്പിച്ച് നൽകിയ അപ്പവും മീനും കഴിച്ച് തൃപ്തരായ ജനം, തന്നെ രാജാവാക്കാൻ പിടിച്ചു കൊണ്ട് പോകാൻ തുനിയുമ്പോൾ അവിടെ നിന്നും മലമുകളിലേക്ക് പിൻവാങ്ങുകയാണ് ചെയ്യുന്നത്.

തന്നെ തേടി വരുന്ന ജനക്കൂട്ടത്തോട് 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അട യാളങ്ങൾ കണ്ടതുകൊണ്ടല്ല, അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്.' (യോഹന്നാൻ 6 : 26 ) എന്ന് ഒരു മയവുമില്ലാതെ ഈശോ പറയുന്നുണ്ട്. ആൾക്കൂട്ടത്തിന് വേണ്ടത് വിശപ്പടക്കാനുള്ള അപ്പം മാത്രമാണ്. അവർക്ക് നിത്യ ജീവന്റെ അപ്പം വാഗ്ദാനം ചെയ്യുമ്പോൾ, അത് ഉൾക്കൊള്ളാനാവാതെ വളരെപ്പേർ വിട്ടു പോകുന്ന രംഗം അവനെ തെല്ലും ഉലക്കുന്നില്ല. 'കാരണം, അവൻ അവരെയെല്ലാം അറിഞ്ഞിരുന്നു. മനുഷ്യനെപ്പറ്റി ആരുടെയും സാക്ഷ്യം അവന് ആവശ്യമായിരുന്നില്ല; മനുഷ്യനിലുള്ളത് എന്താണെന്ന് അവൻ വ്യക്തമായി അറിഞ്ഞിരുന്നു.' യോഹന്നാൻ (2 : 2425 )

ഈശോയുടെ പീഡാനുഭവ വിവരണത്തിലെ ഒരു പ്രധാന കഥാപാത്രമാണ് ആൾക്കൂട്ടം. ജനത്തെ ഇളക്കി വിടുന്നു എന്നതാണ് അവനെതിരെ കയ്യാഫാസിന്റെ നേതൃത്വത്തിലുള്ള പ്രധാനപുരോഹിതൻമാരും പ്രമാണികളും ചുമത്തുന്ന കുറ്റം. എന്നാൽ അവനിൽ ആരോപിക്കപ്പെട്ട ആ കുറ്റം യഥാർത്ഥത്തിൽ ചെയ്യുന്നത് അവരാണ്. അവർ ഇളക്കി വിട്ട ആൾക്കൂട്ടം തങ്ങൾ പറയുന്നതെന്ത് എന്ന് അറിയാതെ ആക്രോശിക്കുന്നു : 'അവനെ ക്രൂശിക്കുക, ബറാബാസിനെ വിട്ടയക്കുക; അവന്റെ രക്തം ഞങ്ങളുടെമേലും, ഞങ്ങളുടെ സന്തതികളുടെ മേലും ...'

പരസ്യജീവിതകാലമത്രയും അവനെ വലയം ചെയ്യാൻ ശ്രമിച്ചിരുന്ന ആൾക്കൂട്ടം കുരിശിൻ ചുവട്ടിൽ നിന്നും പിരിഞ്ഞു പോയി. അവരെ സംബന്ധിച്ചിടത്തോളം, ആ അദ്ധ്യായം അവിടെ അവസാനിച്ചു. അവർ പുതിയ മിശിഹാമാരെ തേടി. ഉത്ഥാനത്തിന്റെയും മഹത്വീകൃതജീവിതത്തിന്റെയും ശാശ്വതമായ ഘട്ടം, ജനങ്ങൾക്ക് കാണാനുള്ള കാഴ്ചയായി ഈശോ ഒരിക്കലും വെളിപ്പെടുത്തുന്നില്ല. തന്നെ വിശ്വസിച്ച് സ്നേഹിച്ചവർക്കായി മാത്രം, പ്രത്യാശയുടെ അച്ചാരമായി ഉത്ഥിതൻ പ്രത്യക്ഷപ്പെട്ടത്, സഭ അവനെ രക്ഷകനായി സ്വീകരിച്ച് ഏറ്റുപറയുന്നവരുടെ കൂട്ടായ്മയാകുന്നതിനു വേണ്ടിയാണ്.

## ഈശോയുടെ മക്കൾ

ആൾക്കൂട്ടവും നേതാവും തമ്മിലുള്ള ബന്ധത്തിന്റെ നേർവിപരീതമാണ് അപ്പനും മക്കളും തമ്മിലുള്ളത്. കൗതുകവും ആവേശവും അല്ല, കരുതലും ആർദ്രതയുമാണ് അത് നിർവചിക്കുന്ന ഘടകങ്ങൾ. മകൻ അപ്പം ചോദിച്ചാൽ കല്ലു കൊടുക്കുന്ന ആരെങ്കിലും നിങ്ങളിൽ ഉണ്ടോ? അഥവാ, മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ? മക്കൾക്കു നല്ല വസ്തുക്കൾ കൊടുക്കണമെന്നു ദുഷ്ടരായ നിങ്ങൾ അറിയുന്നുവെങ്കിൽ, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ്, തന്നോടു ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നൻമകൾ നൽകും! (മത്തായി 7 : 9-11)

മിശിഹാ പിതാവിന്റെ സ്നേഹത്തിന്റെ സമ്പൂർണമായ വെളിപാടാണ്. അന്ത്യ അത്താഴവേളയിൽ പിതാവിനെ കാട്ടിത്തരാൻ അപേക്ഷിക്കുന്ന പീലിപ്പോസിനെ, തന്നെ കാണുന്നവൻ പിതാവിനെ കാണുന്നുവെന്നും താൻ പിതാവിലും പിതാവ് തന്നിലുമാണെന്നുമുള്ള സത്യം അവൻ പഠിപ്പിക്കുന്നുണ്ട്. എന്നാൽ, സാധാരണയായി കുഞ്ഞുമക്കൾ മാത്രമാണ് 'ഈശോപ്പച്ചാ ' എന്ന് വിളിച്ച് പ്രാർത്ഥിക്കാറ്. മുതിർന്നു കഴിഞ്ഞാൽ കർത്താവ് , ന്യായാധിപൻ, മണവാളൻ തുടങ്ങിയ വിശേഷണങ്ങൾക്കിടെ അവൻ അപ്പനാണ് എന്നത് നമ്മൾ മറന്നു പോകുന്നു.

വിശുദ്ധ ചാവറയച്ചന്റെ ധ്യാന സല്ലാപങ്ങൾ പോലെ അപൂർവം ഇടങ്ങളിൽ മാത്രമേ, അങ്ങേയറ്റം ലാളിത്യത്തോടെ 'എന്റെ അപ്പൻ' എന്നു മിശിഹായെ പരാമർശിച്ചു കണ്ടിട്ടുള്ളൂ. ആ അടുപ്പമാണ് മാമോദീസായിൽ ലഭിച്ച വെള്ള വസ്ത്രം ഒരിക്കലും കറ പുരണ്ടിട്ടില്ല എന്ന് മരണക്കിടക്കയിൽ ഏറ്റുപറയാൻ വിശുദ്ധന് ആത്മവിശ്വാസം നൽകിയത്.

തിക്കിത്തിരക്കുന്ന ആൾക്കൂട്ടത്തിനിടയിൽ, അപ്പനെ തേടുന്ന ഒരു മകളെയും, വസ്ത്രാഞ്ചലത്തിൽ സ്പർശമേൽക്കുന്ന മാത്രയിൽ അവളെ തിരിച്ചറിയുന്ന അപ്പനെയുമാണ് ഇന്നത്തെ വചനം നമുക്ക് കാണിച്ചു തരിക. അവളുടെ പേര് സുവിശേഷം രേഖപ്പെടുത്തുന്നില്ല. യഹൂദസമൂഹത്തിൽ അസ്പൃശ്യതയും അശുദ്ധതയും പേറുന്ന ഒരു രോഗാവസ്ഥയാണ് അവളുടെ തിരിച്ചറിയൽ രേഖ. ആ സമൂഹത്തിനുമുൻപിൽ ഈശോ മറ്റാരെയും വിളിക്കാത്ത പേര് അവളെ വിളിക്കുന്നു : 'മകളേ' ഇതുപോലെ തിങ്ങി നിറഞ്ഞ മറ്റൊരു ജനക്കൂട്ടത്തിനു മദ്ധ്യത്തിൽ വച്ചാണ് ഈശോ തന്റെ മകനെ കണ്ടെത്തുന്നത്. ആൾത്തിരക്കിൽ അടുത്തെത്താൻ വഴി കാണാതെ, ഒടുവിൽ വീടിന്റെ മേൽക്കൂര പൊളിച്ച്, തന്റെ മുൻപിലേക്ക് കൂട്ടുകാരാൽ ഇറക്കി വയ്ക്കപ്പെട്ട തളർവാതരോഗിയോട് അവൻ പറയുന്നു: 'മകനേ, ധൈര്യമായിരിക്കുക; നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു.'

ആൾക്കൂട്ടത്തിലെ തിരക്കിൽ ഈശോയെ കാണാൻ പറ്റിയില്ലെങ്കിലോ, എന്ന ആശങ്കയാൽ മരത്തിനു മുകളിൽ കയറി അവനെ കാത്തിരുന്ന സക്കേവൂസിനെ, അവൻ വിശേഷിപ്പിക്കുന്നത് അബ്രാഹത്തിന്റെ മകൻ എന്നാണ്.

ജായ്റോസിന്റെ മകളുടെ കൈപിടിച്ച് അവളെ ജീവനിലേക്ക് മടക്കി വിളിക്കുന്ന വാക്കുകൾ ഒന്നു ശ്രദ്ധിക്കുക. 'തലീത്താ, കൂം'. പെൺമക്കളെ ഏറ്റവും അരുമയായി വിളിച്ചിരുന്ന ഓമനപ്പേരാണ് തലീത്താ - പെൺകുഞ്ഞാട് എന്നാണ് അതിനർത്ഥം. മടിപിടിച്ച് കിടന്നുറങ്ങുന്ന മോളെ അപ്പൻ വിളിച്ചുണർത്തുന്ന സരളതയോടും വാൽസല്യത്തോടും കൂടെയാണ്



ഈശോ അവളെ മരണനിദ്രയിൽ നിന്നും ഉണർത്തുന്നതും, അവൾക്ക് എന്തെങ്കിലും കഴിക്കാൻ കൊടുക്കാൻ പറയുന്നതും.

ഈശോയിലുള്ള നിഷ്കളങ്കമായ വിശ്വാസവും, അവന്റെ കരുതലിലും കരുണയിലുമുള്ള പ്രത്യാശയും ആണ് ഈ മക്കളെ ആൾക്കൂട്ടത്തിൽ നിന്നും വ്യത്യസ്തരാക്കുന്നത്. അവർ കാഴ്ച കാണാൻ വന്ന കാണികളല്ല. ചോദിക്കുന്നവർക്ക് ലഭിക്കുമെന്നും, തേടുന്നവർ കണ്ടെത്തുമെന്നും, മുട്ടുന്നവർക്ക് തുറന്നു കിട്ടുമെന്നുമുള്ള വാഗ്ദാനമാണ് അവരെ നയിക്കുന്നത്. അവരെ മിശിഹാ ഒരിക്കലും നിരാശപ്പെടുത്തുകയില്ല.

## നമ്മുടെ വിളി, സഭയുടേതും

നിങ്ങൾ മക്കളായതുകൊണ്ട് ആബ്ബാ!-പിതാവേ! എന്നു വിളിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയത്തിലേക്ക് അയച്ചിരിക്കുന്നു. (ഗലാത്തിയാ 4 : 4-6) ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രൻമാരാണ്. നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, മറിച്ച് പുത്രസ്വീകാരത്തിന്റെ ആത്മാവിനെയാണു നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവു മൂലമാണു നാം ആബാ - പിതാവേ - എന്നു വിളിക്കുന്നത്. (റോമാ 8 : 14-15)

ഈ പുത്രസ്വീകാര്യത്വത്തിന്റെ ആത്മാവിനെ കൈക്കൊണ്ട് മക്കളുടെ സ്വാതന്ത്ര്യത്തിൽ ജീവിക്കാനും, ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുവാനുമുള്ള വിളിയാണ് ഇന്നത്തെ ലേഖനഭാഗം നമുക്ക് നൽകുന്നത്. ആത്മാവ് നിങ്ങളെ നയിക്കുന്നെങ്കിൽ നിങ്ങൾ നിയമത്തിനു കീഴല്ല... ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നൻമ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്. ഇവയ്ക്കെതിരായി ഒരു നിയമവുമില്ല. (ഗലാത്തിയാ 5 : 18-23)

പക്ഷേ, പലപ്പോഴും നമ്മുടെ വ്യഗ്രത ആൾക്കൂട്ടത്തോട് ചേർന്ന് നീങ്ങാനാണ്. നമ്മുടെ കൗതുകം അനുഭവത്തിലല്ല, കാഴ്ചയിലാണ്. നമുക്ക് താൽപര്യം വിശ്വസ്തതയിലല്ല, ലാഭത്തിലാണ്. ഈശോയ്ക്ക് ചുറ്റും തിങ്ങി നിറഞ്ഞിട്ടും, നമ്മുടെ സ്പർശനം അവന് തിരിച്ചറിയാൻ പറ്റുന്നില്ലെങ്കിൽ, വീഴ്ച അവന്റെയല്ല, നമ്മുടേതാണ്. നമ്മളെ തേടുന്ന അവനെ, നമ്മളും തേടുന്ന വേളയിലേ ആത്മാവിന്റെ പ്രവർത്തനം ഫലം പ്രാപിക്കൂ.

വ്യക്തിയുടെ തലത്തിൽ മാത്രമല്ല സഭയുടെ തലത്തിലും ഈ ജാഗ്രത നിതാന്തം ആവശ്യമാണ്. വാണിജ്യ താൽപര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്ന ദെമെത്രിയൂസിന്റെയോ, റോമൻ ഭരണകൂടത്തിന്റെ അപ്രീതി ഒഴിവാക്കാൻ ശ്രമിക്കുന്ന കയ്യാഫാസിന്റെയോ, പൗരോഹിത്യത്തിന്റെ പ്രൗഢി തനിക്കു നഷ്ടപ്പെടാതിരിക്കാൻ സ്വർണക്കാളക്കുട്ടിയെ നിർമിക്കുന്ന അഹറോന്റെയോ മാതൃകയിൽ ആൾക്കൂട്ടങ്ങളെ ത്രസിപ്പിക്കാനുള്ള പ്രലോഭനങ്ങൾ എപ്പോഴും ശക്തമാണ്. ആത്മാവിനാൽ നിറഞ്ഞ ഒരു കൂട്ടായ്മക്കു മാത്രമേ, രാജാവാക്കാനായി കിരീടവുമായി എത്തുന്ന, കാഴ്ചകൾക്കായി തിക്കിത്തിരക്കുന്ന ആൾക്കൂട്ടത്തിനിടയിൽ മക്കളുടെ സ്പർശം തിരിയറിയുന്ന മിശിഹായുടെ ശരീരമാവാൻ കഴിയൂ.

പുത്രസ്വീകാര്യത്വത്തിന്റെ അരൂപിയെ നൽകാൻ നമുക്ക് കർത്താവിനോട് ശിശുസഹജമായ ശരണത്തോടെ അപേക്ഷിക്കാം. ആത്മാവിന്റെ ഫലങ്ങൾ ധാരാളമായി പുറപ്പെടുവിച്ച് അവന്റെ മഹത്വത്തിൽ പങ്കുകാരാവാൻ മിശിഹാ നമ്മെ അനുഗ്രഹിക്കട്ടെ!

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com